പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1696 14/07/2016-ൽ മറുപടിക്ക്

# വൈദ്യുതിയുടെ ഉൽപാദനം, വിതരണം, പ്രസരണ മേഖലകളിലെ നൂതന പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാറക്കൽ അബ്ദുള്ള | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും പുതിയ പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;<br><br>(ബി) വൈദ്യുതി ഉൽപാദന, വിതരണം, പ്രസരണ മേഖലകളിൽ നൂതന പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | **(എ) യും (ബി)യും**<br>ഉണ്ട്. ഏറ്റവും പ്രാധാന്യമേറിയ ഒരു സേവന മേഖലയായ വൈദ്യുതി രംഗത്തെ പ്രവർത്തനങ്ങളെ ഉപഭോക്താക്കളുടെ പ്രതീക്ഷകൾക്കൊത്ത് ഉയർത്തുന്നതിന് നിരന്തരമായി ഇടപെടലുകൾ ആവശ്യമാണ്. ബോർഡിന്റെ തനത് വാർഷിക പദ്ധതികളിലുൾപ്പെടുത്തിയും കേന്ദ്രാവിഷ്കൃത പദ്ധതികൾ (RAPDRP, DDUGJY, IPDS തുടങ്ങിയവ), സംസ്ഥാന സർക്കാരിന്റെ കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS) പദ്ധതി, മറ്റ് ഏജൻസികൾ എസ്റ്റിമേറ്റ് തുക ഒടുക്കുന്നവ എന്നിവയിലൂടെയാണ് വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. 11 കെ.വി ലൈൻ നിർമ്മിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, മരച്ചില്ല കൾക്കിടയിലൂടെ കടന്ന് പോകുന്ന വൈദ്യുത കമ്പികൾ ABC (Aerial Bunched Cable) ഭൂഗർഭ കേബിളുകൾ എന്നിവ ഉപയോഗിച്ച് മാറ്റുക, എൽ.റ്റി ലൈൻ നിർമ്മാണം, റീ–കണ്ടക്ടറിംഗ്, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ, പുതിയ വൈദ്യുത കണക്ഷനുകൾ ലഭ്യമാക്കുക, കേടായ മീറ്ററുകൾ മാറ്റി സ്ഥാപി |

ക്കുക എന്നീ പ്രവൃത്തികളാണ് ടി പദ്ധതികൾ വഴി നടപ്പിലാക്കുന്നത്.

സാങ്കേതിക വിദ്യയുടെ വികാസത്തിനനുസരിച്ച് പ്രസരണ മേഖലയിലും നൂതനമായ പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിലുള്ള RoW (Right of Way) തന്നെ ഉപയോഗിച്ചുകൊണ്ട് ലൈനുകളുടെ വോൾട്ടേജ് നിലവാരം ഉയർത്തുന്നതിന് narrow based tower/monopole എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിലുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി ശേഷി കൂടിയതും എന്നാൽ ഭാരം കുറഞ്ഞതുമായ പുതിയ തരം കമ്പികൾ ഉപയോഗിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്. കൂടാതെ, ഭാവിയിലെ വൈദ്യുതി ആവശ്യകത കണക്കാക്കി ആവശ്യമായ/ സാധ്യമായ സ്ഥലങ്ങളിലെല്ലാം മൾട്ടി സർക്യൂട്ട്/മൾട്ടി വോൾട്ടേജ് ലൈനുകൾ നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നു. അതോടൊപ്പം സ്ഥലദൗർലഭ്യം കണക്കിലെടുത്ത് ഭൂമിയുടെ ഉപയോഗം കുറയ്ക്കുന്നതിനായി GIS (gas insulated switch gear), Containaried Substation, Hybrid Technology മുതലായ സാങ്കേതിക വിദ്യകൾ പ്രയോഗത്തിലാക്കാനും ലക്ഷ്യമിടുന്നു.

ഊർജ്ജ ഉല്പാദന മേഖലയിൽ പുതിയ ജലവൈദ്യുത പദ്ധതികൾ കണ്ടെത്താനും അവയുടെ സർവ്വേ പൂർത്തിയാക്കി ഡി.പി.ആർ തയ്യാറാക്കാനും, ഈ പദ്ധതി കൾ നിർമ്മാണ ഘട്ടത്തിലെത്തിക്കാനും ഉദ്ദേശിക്കുന്നു.

വൈദ്യുത ഉല്പാദന മേഖലയിൽ നൂതന പദ്ധതികൾക്ക് രൂപം നൽകുന്നതിന്റെ ഭാഗമായി പമ്പ്ട് സ്റ്റോറേജ് സ്കീം, കപ്പാസിറ്റി അഡീഷൻ എന്നിവ ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ഊർജ്ജ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുക, പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ ഊർജ്ജ ഉത്പാദനം സാധ്യമാക്കുക, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നവീകരണീയോർജ്ജ ക്രയ ബാധ്യത (Renewable Purchase Obligation) നിറവേറ്റുക തുടങ്ങിയ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി നവ നവീകരണ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഉത്പാദനം ലക്ഷ്യമിട്ടുകൊണ്ട് കാറ്റിൽ നിന്നും സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതി നായി ചീഫ് എൻജിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ എനർജി ആന്റ് എനർജി സേവിംഗ്സ് എന്ന വിഭാഗം പ്രവർത്തിച്ചു വരുന്നു. അതിന്റെ ഭാഗമായി 31 പദ്ധതികളുടെ നിർമ്മാണം വിവിധ തലത്തിൽ നടന്നുവരുന്നു.

ഇവ കൂടാതെ പ്ലാനിംഗ് ബോർഡുമായി ചേർന്ന് കോർപ്പറേഷനുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 20.331 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിശദീകരണ കുറിപ്പ് (ഡി.പി.ആർ) പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, സർക്കാർ തലത്തിൽ കേരളത്തിലെ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തി വരുന്നു. ഉദ്ദേശം 21 മെഗാവാട്ട് ശേഷിയുള്ള

സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഉപഭോക്താക്കൾ സ്വന്ത മായി സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകൾക്ക് കണക്ഷൻ നൽകുന്നുണ്ട്. ഇതുവരെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ മൊത്തം 1.335 സ്ഥാപിതശേഷിയുള്ള 631 ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റുകൾ കണക്ഷൻ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**